രാമായണം. അതെഴുതുമ്പോൾ, ചരിത്രസംഭവങ്ങളേക്കാളേറെ ഭാവനയെ ആവണം വാല്മീകി അവലംബിച്ചിരിക്കുക. പണ്ടെന്നോ എവിടെയെല്ലാമോ നടന്ന സംഭവങ്ങൾ തനിക്ക് പരിചയമുള്ള സ്ഥലങ്ങളിൽ ആ കവി പ്രതിഷ്ഠിച്ചതായിരിക്കണം.

ബൈബിളിൽ പ്രസ്താവിക്കപ്പെട്ട 'മിതന്നി' രാജാക്കന്മാരിൽ ഒരാളായ 'തുസരത്ത' ആണ് ദശരഥനെന്നും, ഈ രാജാവിന്റെ കുടുംബ പരദേവതയായ 'രമ്മൻ' ആണ് രാമനെന്നും ഒരു ചരിത്രപണ്ഡിതൻ പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ദശരഥന്റെ സാമ്രാജ്യം ഇറാഖിലോ, തുർക്കിയിലോ മറ്റോ ആയിരുന്നിരിക്കണം. ഈറാനിലുള്ള 'ഹൊരയു' എന്ന നദിയുടെ കരയിലായിരുന്നു രാമജന്മഭൂമിയായ അയോദ്ധ്യ എന്നു മറ്റു ചിലർ കരുതുന്നു. ഇതു ശരിയാണെങ്കിൽ, രാവണൻ വാണ ലങ്കാനഗരം യഥാർത്ഥത്തിൽ സിന്ധിലുള്ള മഹൻജദരോ നഗരം ആയിരുന്നുകൂടേ? അങ്ങനെ വിശ്വസിക്കുന്നവരുമുണ്ട്. ലങ്ക മധ്യപ്രദേശിലോ, ഒറീസ്സയിലോ ഏതോ തടാകമദ്ധ്യത്തിലുണ്ടായിരുന്ന ഒരു ദ്വീപാണെന്ന അഭിപ്രായവും ഇല്ലാതില്ല.

ആകെക്കൂടി, രാമായണവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാമെന്ന് ഇപ്പോഴും ഭൗതികങ്ങളായ തെളിവുകളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ, പഴയ കൗശാംബീനഗരത്തിൽ മണ്ണിന്നടിയിൽനിന്നു കിട്ടിയതും, സീതയെ അപഹരിക്കുന്ന രാവണന്റേതെന്നു കരുതപ്പെടുന്നതുമായ ഒരു ചുടുകളിമൺ(ടെറാകോട്ട)വിഗ്രഹം, ക്രിസ്തു പിറക്കുന്നതിനു രണ്ടു നൂററാണ്ടുകൾ മുമ്പുതന്നെ ഈ പ്രദേശങ്ങളിൽ ഇന്നു നാം അറിയുന്ന രൂപത്തിൽ രാമായണകഥ പ്രചരിച്ചിരുന്നു എന്നതിനു തെളിവായി എടുത്തുകാട്ടപ്പെട്ടിട്ടുണ്ട്.

ചരിത്രപരമായ യാഥാർത്ഥ്യം ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ—ഉത്തരപ്രദേശിലെ അയോദ്ധ്യയിൽ 'ബാബറീ മസ്ജിദ്' സ്ഥിതിചെയ്യുന്ന ഇടത്തിലാണ് രാമൻ പിറന്നതെന്ന് ഹിന്ദുക്കൾ പൊതുവെ വിശ്വസിക്കുന്നു. ആ സ്ഥലത്തു ചെന്ന് ആരാധിക്കുന്നതിന് അവർ ആഗ്രഹിക്കുന്നപക്ഷം, അതിനു തടസ്സമായി നിൽക്കുവാൻ ഒരു ഗവണ്മെന്റിനും ഏറെനാൾ കഴിയുമെന്നു കരുതിക്കൂടാ.

പ്രശ്നം ചൂടുപിടിക്കാനുള്ള ലക്ഷണങ്ങളാണ് പൊതുവെ കാണുന്നതു്. ചിന്മയാനന്ദസ്വാമിജിയുടെ പത്രസമ്മേളനം നൽകുന്ന സൂചന അതാണ്.

(5 മെയ്, 1985)

# 48. രാമജന്മഭൂമി ഇപ്പോൾ

രാമായണം എന്ന ഇതിഹാസത്തിലെ നായകനായ ശ്രീരാമന്റെ രാജധാനി, ഉത്തർപ്രദേശ് എന്ന് ഇപ്പോൾ അറിയപ്പെടുന്ന സംസ്ഥാനത്തിൽ സരയൂ നദിക്കരയിലുള്ള 'അയോദ്ധ്യ' ആയിരുന്നു. ഈ നഗരത്തിൽ, ശ്രീരാമൻ പിറന്നതായി വിശ്വസിക്കപ്പെട്ടിരുന്ന സ്ഥലത്ത്, വിക്രമാദിത്യൻ എന്ന ചക്രവർത്തി ഒരു ക്ഷേത്രം പണിയിച്ചുവത്രേ. ക്രിസ്തുവിന് അരനൂററാണ്ടെങ്കിലും മുമ്പ് വിക്രമാദിത്യൻ ജീവിച്ചിരുന്നു എന്നാണ് ഇപ്പോൾ കരുതപ്പെടുന്നതു്.

ക്രിസ്തുവർഷം എട്ടാം നൂററാണ്ടിൽ ഹർഷവർധനൻ എന്ന ചക്രവർത്തിയുടെ മരണത്തിനുശേഷം, ഉത്തരേന്ത്യ പല ചെറു രാജാക്കന്മാരുടെ

കീഴിലായി. പൃഥ്വീരാജ് ചൗഹാൻ എന്ന ഹിന്ദുരാജാവിനെ തോല്പിച്ച് ദില്ലി പിടിച്ചടക്കിയ മുഹമ്മദ്ഗോറി, തന്റെ സഹോദരനായ ഷാജുറാൻ എന്ന ആളെ അയോദ്ധ്യയുടെ ഭരണം ഏല്പിച്ചുകൊടുത്തു. ഗോറിവംശക്കാർക്കുശേഷം അടിമവംശക്കാരും ഖിൽജിവംശക്കാരും തുഗ്ളക് വംശക്കാരും ആയ സുൽത്താന്മാർ അയോദ്ധ്യ ഭരിച്ചു.

മുഗൾ വംശസ്ഥാപകനായ ബാബർ, ലൂദ്രക് വംശക്കാരിൽനിന്ന് ദില്ലി പിടിച്ചടക്കുന്ന കാലത്ത് ജലാൽ ഷാദർവേശ് എന്ന ഒരു മുസ്ലീം സിദ്ധൻ അയോദ്ധ്യയിൽ പാർത്തിരുന്നു. ജലാൽ ഷായുടെ ക്ഷണപ്രകാരം ബാബർ അയോദ്ധ്യ സന്ദർശിച്ചു. അവിടെയുള്ള ശ്രീരാമക്ഷേത്രം പൊളിച്ച് അതിന്റെ കല്ലുകൾ കൊണ്ടുതന്നെ അതേ സ്ഥാനത്ത് ഒരു പള്ളി നിർമ്മിക്കുകയുംചെയ്തു. 'ബാബറീ മസ്ജിദ്' എന്നു പിൽക്കാലത്തു വിളിക്കപ്പെട്ട ഈ പള്ളിയുടെ തൂണുകൾ കണ്ടാൽ അവ ഒരു ഹിന്ദു ക്ഷേത്രത്തിൽനിന്നെടുത്തവയാണെന്ന് ഇപ്പോഴും അറിയാമത്രേ. ക്രിസ്തുവർഷം 1528—ൽ ആണ് ബാബറീ മസ്ജിദ് നിർമ്മിക്കപ്പെട്ടത്.

ബാബറിന്റെ പൗത്രനായ അക്ബർ മതമൈത്രിയിൽ വിശ്വസിച്ചിരുന്നു. ബാബറീ മസ്മിദിനു പുറത്ത് ഒരു തറ കെട്ടി, അതിൽ ശ്രീരാമവിഗ്രഹം പ്രതിഷ്ഠിച്ചു പൂജിക്കുവാൻ അക്ബർ അയോദ്ധ്യയിലെ ഹിന്ദുക്കൾക്ക് അനുമതി നൽകി. ഈ വിഗ്രഹം എടുത്തുകളയണമെന്നു പിൽക്കാലത്ത് ലഖ്നൗവിൽ നവാബ് ആയിരുന്ന വാജിദ് അലിഷായോടു ചിലർ ആവശ്യപ്പെട്ടു. വാജിദ് അലിഷായുടെ മറുപടി ഒരു ഉർദ്ദുപദ്യം ആയിരുന്നു:

ഹം ഇശ്ക്കേ ബന്ദേ ഹൈം, മജ്ഹബ്സേ നഹീം വാകിഫ്,
ഗർ കാബാ ഹുആ തോക്യാ, ബുത്ഖാനാ ഹു ആ തോക്യാ.

'കാബയാകിലും കൊള്ളാം, കോവിലാകിലും കൊള്ളാം;
പ്രേമദാസന്മാർ ഞങ്ങൾ, മതത്തെഗ്ഗണിപ്പീല'

എന്ന് ഈ പദ്യം വിവർത്തനംചെയ്യാം.

ബാബറീ മസ്ജിദ് മുസ്ളിങ്ങളിൽനിന്നു പിടിച്ചെടുക്കാൻ ഹിന്ദുയോദ്ധാക്കളും സന്ന്യാസിമാരും നിരന്തരം ശ്രമിച്ചുവരുന്നു. ഈ ശ്രമം ബ്രിട്ടീഷ് വാഴ്ചക്കാലത്തും തുടർന്നു. 'ബ്രിട്ടീഷ്സമാധാന'ത്തിനു കീഴിൽ സമരരംഗം പലപ്പോഴും കോടതിയായി എന്നു മാത്രം.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷം, 1949 ഡിസംബർ 22—ാം തീയതി രാത്രിയിൽ ബാബറീ മസ്ജിദിനുള്ളിൽ ഒരു ശ്രീരാമവിഗ്രഹം പ്രത്യക്ഷപ്പെട്ടു. ഹിന്ദുഭക്തന്മാർ അവിടേക്കു പ്രവഹിച്ചുതുടങ്ങി. സമാധാനലംഘനം ഭയപ്പെട്ട് ഉത്തർപ്രദേശ് സർക്കാർ തർക്കവിഷയമായ സ്ഥലം കൈവശപ്പെടുത്തി, അതിന്റെ ഭരണത്തിന് ഒരു റസീവറെ നിയമിച്ചു. ഏറെ താമസിയാതെ അയോദ്ധ്യയുൾപ്പെടുന്ന ജില്ലാ തലസ്ഥാനമായ ഫൈസാബാദിലെ മുൻസിഫ് കോടതി, ഈ വിഗ്രഹത്തിനുമുമ്പിൽ പൂജാദികർമ്മങ്ങൾ അനുഷ്ഠിക്കാൻ ഒരു ഹിന്ദു പുരോഹിതനു അനുവാദം നൽകി. ഈ സ്ഥലം ഇരുമ്പഴികൾ പാകി വേർതിരിക്കപ്പെട്ടു. അങ്ങോട്ടുള്ള വാതിൽ പൂട്ടിയിട്ടു. ഭക്തന്മാർക്ക്, അപ്പോഴും, ദൂരെനിന്ന് ഇരുമ്പഴികൾക്കിടയിലൂടെ ശ്രീരാമവിഗ്രഹം കണ്ടു വണങ്ങാമായിരുന്നു. സമാധാനപാലനത്തിന് ഒരു സംഘം പോലീസുകാർ പള്ളിക്കു പുറത്തു നിലകൊണ്ടിരുന്നു.

രാമജന്മഭൂമി എന്നും ബാബറീ മസ്ജിദ് എന്നും വിളിക്കപ്പെടുന്ന ഈ ആരാധനാസ്ഥലത്തിന്റെ ഉടമ പിന്നെയും തർക്കവിഷയമായി തുടർന്നു. 1983 മാർച്ച് 6—ാം തീയതി ഉത്തർപ്രദേശിലെ മുസിഫർനഗറിൽ ചേർന്ന ഒരു ഹിന്ദുസമ്മേളനം 'ധർമസ്ഥല രക്ഷാസമിതി' എന്ന പേരിൽ ഒരു സംഘടന രൂപവല്ക്കരിക്കുകയും, രാമജന്മഭൂമി

വിമോചന സമരം' ആരംഭിക്കുകയുംചെയ്തു. ഉത്തർപ്രദേശിൽ പലേടത്തും 'രഥയാത്ര'കൾ നടത്തി തങ്ങളുടെ ആവശ്യത്തിന് ഇവർ വ്യാപകമായ പ്രചാരണം നൽകി. 'വിശ്വഹിന്ദുപരിഷത്ത്' എന്ന സംഘടനയാണ് ഈ പ്രസ്ഥാനത്തിന്റെ മുന്നണിയിലുണ്ടായിരുന്നത്. 1985 മാർച്ചുമാസത്തിൽ രാമജന്മഭൂമിവിമോചനപ്രസ്ഥാനം ശക്തിപ്പെട്ടു. 1986 മാർച്ച് 9—ാം തീയതിക്കുമുമ്പ് രാമജന്മഭൂമി സംബന്ധിച്ച തീരുമാനം എടുക്കാൻ ഉത്തർപ്രദേശ് ഗവണ്മെൻറിനെ നിർബന്ധിക്കുന്നതിന് ഒരു ഹിന്ദു സന്ന്യാസിയുടെ ആത്മാഹുതി അടക്കം പല പരിപാടികളും ആവിഷ്കരിക്കപ്പെട്ടു.

പക്ഷേ, ഈ പരിപാടികളൊന്നും നടപ്പിൽ വരുത്തേണ്ടിവന്നില്ല. 1986 ജനുവരി 24—ാം തീയതി, ജില്ലാ തലസ്ഥാനമായ ഫൈസാബാദ് നഗരത്തിൽ ഒരു വക്കീൽ ആയ ഉമേശ് ചന്ദ്രപാണ്ഡേ എന്ന ആൾ, അവിടത്തെ മുൻസിഫ് കോടതിയിൽ, രാമജന്മഭൂമി ഉടൻ തുറക്കണമെന്നാവശ്യപ്പെട്ട് ഒരു കേസ്സുകൊടുത്തു. ഈ സ്ഥലം ആരാധകർക്കു തുറന്നുകൊടുക്കണമെന്ന് ഒരു കോടതി വിധി 1951—ൽ ഉണ്ടായിട്ടുണ്ടെന്നും, അതു നടപ്പിൽ വരുത്താതെ ഉത്തർപ്രദേശ് സർക്കാർ കോടതിയെ അപമാനിച്ചിരിക്കുകയുമാണെന്നായിരുന്നു ശ്രീ പാണ്ഡേയുടെ വാദം. കേസ് മുൻസിഫ് കോടതിയിൽനിന്ന് ഡിസ്ട്രിക്ട് കോടതിയിലെത്തി. രാമജന്മഭൂമി പൂട്ടിയിടണമെന്നു നിർദേശിക്കുന്ന സർക്കാരിന്റെ ഉത്തരവുകളൊന്നും കാണ്മാനില്ലെന്നും, അതിനാൽ അതു് ഉടൻ തുറക്കണമെന്നും 1986 ഫെബ്രുവരി 1—ാം തീയതി ജില്ലാ ജഡ്ജി വിധിച്ചു. അങ്ങനെ 1986 ഫെബ്രുവരി 2—ാം തീയതിമുതൽ രാമജന്മഭൂമിയിൽ ഹിന്ദുക്കൾ വീണ്ടും പ്രവേശിച്ച് ആരാധന നടത്തിത്തുടങ്ങി.

ഉത്തരേന്ത്യയിലെ മുസ്ലിങ്ങൾക്കിടയിൽ ഈ നടപടിക്കു വ്യാപകമായ പ്രതികരണമുണ്ടായി. മുസ്ലിങ്ങളുടെ ഒരു ആരാധനാസ്ഥലം സർക്കാർ പിടിച്ചെടുത്തു ഹിന്ദുക്കൾക്കു നൽകിയിരിക്കുന്നു എന്നായിരുന്നു പ്രചാരണം. വിവാഹമോചിതയായ മുസ്ലിം സ്ത്രീക്കു മുൻ ഭർത്താവിൽനിന്നു ചെലവിനു കിട്ടാൻ അർഹതയുണ്ട് എന്ന സുപ്രീംകോടതി വിധിക്കെതിരെ, 'ശരീയത്ത സംരക്ഷണം' എന്ന ലക്ഷ്യം മുൻനിർത്തി, വ്യാപകമായ പ്രചാരവേല മുസ്ലിങ്ങൾക്കിടയിൽ നടന്നുകൊണ്ടിരുന്ന സന്ദർഭമായിരുന്നു ഇതു്. അതിനാൽ, പലേടത്തും രാമജന്മഭൂമിപ്രശ്നത്തെച്ചൊല്ലി അസ്വസ്ഥതകൾ പൊട്ടിപ്പുറപ്പെട്ടു. ദില്ലിയിൽ പഴയ നഗരത്തിൽ ലഹള തടയാൻ കർഫ്യൂ ഏർപ്പെടുത്തേണ്ടിവന്നു. കാശ്മീരിൽ രാമജന്മഭൂമിയുടെ പേരിലുണ്ടായ അസ്വാസ്ഥ്യങ്ങൾ ഇതെഴുതുമ്പോഴും ശമിച്ചിട്ടില്ല. മദ്ധ്യപ്രദേശ് മുതലായ മററു സ്ഥലങ്ങളിലും അവിടവിടെ സമാധാനലംഘനമുണ്ടായി.

ഉത്തർപ്രദേശിന്റെ തലസ്ഥാനമായ ലഖ്നൗ നഗരത്തിൽ ഫെബ്രുവരി 26—ാം തീയതി വിപുലമായ ഒരു പ്രതിഷേധറാലി സംഘടിപ്പിക്കുവാൻ 'ബാബറീ മസ്ജിദ് ആക്ഷൻ കമ്മററി' എന്ന സംഘടന ആഹ്വാനം നൽകിയിരുന്നു. ഇതിനുമുമ്പു ഫെബ്രുവരി 14—ാം തീയതി സംസ്ഥാനവ്യാപകമായ ഒരു കരിങ്കൊടിപ്രകടനവും അവിടെ നടക്കുകയുണ്ടായി. അന്ന്, ലഖ്നൗ അടക്കം ഉത്തർപ്രദേശിലെ പല നഗരങ്ങളിലും അക്രമസംഭവങ്ങൾ ഉണ്ടായി. അതിനാൽ, ഫെബ്രുവരി 26—ാം തീയതി സമാധാനലംഘനം ഉണ്ടാകാതിരിക്കാൻ ഉത്തരപ്രദേശ് ഗവണ്മെൻറ് ശക്തമായ മുൻകരുതൽനടപടികൾ എടുത്തു.

'രാമജന്മഭൂമിപ്രശ്നത്തെച്ചൊല്ലി പാവങ്ങളെ അക്രമങ്ങൾക്കു പ്രേരിപ്പിക്കുവാൻ ചിലർ ശ്രമിച്ചിരുന്നതിന്റെ തെളിവുകൾ ഉത്തര

പ്രദേശ് ഗവണ്മെൻറിനു ലഭിക്കുകയുണ്ടായി. ആരാധനാസ്ഥലങ്ങളിൽ നടന്ന രഹസ്യപ്രസംഗങ്ങൾക്കുപുറമെ, ഉത്തേജകമായ ഭാഷയിൽ അച്ചടിച്ച ലഘുലേഖകൾ പരക്കെ വിതരണം ചെയ്തിരുന്നു. ആപൽക്കരമായ ഈ സംഭവവികാസത്തെപ്പററി കേന്ദ്രഗവണ്മെൻറ് സംസ്ഥാനഗവണ്മെൻറിനു താക്കീതു നല്കി. രാജ്യരക്ഷയ്ക്കുള്ള സ്റ്റേററ് മിനിസ്റ്റർ ശ്രീ അരുൺ നെഹ്റു ലഖ്നൗ സന്ദർശിച്ച് നിയമ—സമാധാന—നില അവലോകനം ചെയ്തു; സാമുദായിക അക്രമങ്ങൾക്കെതിരെ ദൃഢമായ നടപടി എടുക്കാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.' (ഹിന്ദു, മാർച്ച് 2)

ഈ സമയത്ത്, വിശ്വഹിന്ദുപരിഷത്തിൻെറ ആറു രഥയാത്രകൾ അയോദ്ധ്യയിലേക്കു നീങ്ങിക്കൊണ്ടിരുന്നു. അലങ്കരിച്ച രാമ—ജാനകീ—രഥങ്ങൾക്കു വഴിനീളെ സ്വീകരണം; പലേടത്തും പൊതുയോഗം, രാമജന്മഭൂമിവിമോചനം സംബന്ധിച്ച പ്രചാരവേല—ഇതൊക്കെയായിരുന്നു ഈ രഥയാത്രകളുടെ പരിപാടി. ഭാരതീയ ജനതാപാർട്ടി ഈ പരിപാടികൾക്കു സജീവ നേതൃത്വം നൽകിവന്നു. സമാധാനലംഘനം ഭയന്നു്, രഥയാത്രകൾ നിർത്തിവയ്ക്കുന്നതിനു സർക്കാർ ഉപദേശിച്ചു. വിശ്വഹിന്ദുപരിഷത്ത് ഈ ഉപദേശം കൈക്കൊണ്ടതു വളരെ വൈകി മാത്രമാണ്.

ഹിന്ദുക്കളും മുസ്ളിങ്ങളുമായ പ്രക്ഷോഭകർക്കെതിരെ ശക്തിയേറിയ നടപടികൾ ഉത്തർപ്രദേശ് ഗവണ്മെൻറ് കൈക്കൊണ്ടു. ഫെബ്രുവരി 26—നു മുമ്പു പലരെയും അറസ്റ്റ്ചെയ്തു. ഇവരിൽ പത്തു് എം. എൽ. എ. മാരും ഒരു എം. എൽ. സി. യും ഉൾപ്പെടും. സ്റ്റേററിൽ നീളെ പോലീസും പാരാ മിലിട്ടറി വിഭാഗങ്ങളും ജാഗരൂകരായിനിന്നു.

അങ്ങനെ, നിർണായകമായ ഫെബ്രുവരി 26 വലിയ കുഴപ്പമൊന്നുമുണ്ടാക്കാതെ കടന്നുപോയി. പക്ഷേ, പ്രശ്നത്തിനു ശാശ്വതപരിഹാരം ഉണ്ടായിട്ടില്ല.

'അയോദ്ധ്യയിലെ പ്രശ്നത്തെ ഏതെങ്കിലും ആരാധനാസ്ഥലമോ, ശവകുടീരമോ സംബന്ധിച്ച പ്രശ്നത്തോടു താരതമ്യപ്പെടുത്തിക്കൂടാ. കോടതിയുടെ ഉത്തരവനുസരിച്ച്, രാമജന്മഭൂമിക്കകത്തുള്ള വിഗ്രഹത്തെ 1950 മുതൽ ഹിന്ദുക്കൾ ആരാധിച്ചുവന്നിരുന്നു. ആ സ്ഥലത്തിൻെറ ഇരുനൂറുവാര അടുത്തേക്കു ചെല്ലാൻ മുസ്ളിങ്ങളെ അനുവദിച്ചിരുന്നുമില്ല. ആരാധകർക്കു് ഇതുവരെ പോകാമായിരുന്ന സ്ഥലത്തിൻെറ അതിർത്തിയിൽ, ഗ്രില്ലിൽ ഘടിപ്പിച്ച, പൂട്ടിയിട്ട, ഗെയ്ററ് തുറക്കാൻ മാത്രമെ ഫെബ്രുവരി 1—ാം തീയതി കോടതി കല്പിച്ചിട്ടുള്ളു. അതിനകത്തു് ഒരു ഹിന്ദുപുരോഹിതനും സഹായികളും ഇരുന്നു പൂജ നടത്തുകയും വഴിപാടു സ്വീകരിക്കുകയും മുമ്പും ചെയ്തിരുന്നു.' (ഹിന്ദു, മാർച്ച് 2)

രാമജന്മഭൂമിയുടെ ഉടമ ആർക്കു് എന്ന പ്രശ്നം അവശേഷിച്ചിരിക്കുകയാണ്. ഈ കാര്യം സ്വാഭാവികമായി തീരുമാനിക്കേണ്ടതു കോടതിയാകുന്നു. പക്ഷേ, കോടതിക്കു പുറത്തു്, ഹിന്ദു—മുസ്ളിം മതനേതാക്കൾ ഒത്തുചേർന്നു് ആലോചിച്ച് ഈ പ്രശ്നത്തിൽ അവസാനത്തേതായ ഒരു തീരുമാനം ഉണ്ടാക്കുകയാണു നല്ലതു്. അയോദ്ധ്യയിലെ രാമജന്മഭൂമി പോലെ മഥുരയിലെ കൃഷ്ണജന്മഭൂമി, കാശിയിലെ ആദിവിശ്വനാഥക്ഷേത്രം എന്നിവ സംബന്ധിച്ചുമുണ്ടു്, ഈ രണ്ടു മതവിഭാഗങ്ങൾക്കിടയിൽ, തർക്കങ്ങൾ. സമാധാനം സംരക്ഷിക്കുമെന്നും മതസൗഹാർദം പുലർത്തുമെന്നും ദൃഢപ്രതിജ്ഞചെയ്യുന്നപക്ഷം, ഈ തർക്കങ്ങൾ, ഉഭയസമ്മതപ്രകാരം പരിഹരിക്കുക അസാദ്ധ്യമല്ല. നവാബ് വാജിദ് അലിഷായുടെ ഉദ്ബുദ്ധമായ വീക്ഷണം ഇന്നത്തെ ഹിന്ദു—മുസ്ളിം മതനേതാക്കൾക്കു് ഉണ്ടാവുമെന്നു പ്രതീക്ഷിച്ചുകൂടെങ്കിൽക്കൂടി, ദേശഭക്തിയിലും

സ്വന്തം അനുയായികൾക്കിടയിൽ സമാധാനവും സമൃദ്ധിയും പുലർന്നു കാണുന്നതിനുള്ള ആകാംക്ഷയിലും അവർ മററാരുടെയും പുറകിലായിരിക്കുമെന്ന് എന്തിനു മുൻകൂട്ടി വിധിയെഴുതണം?

(13 ഏപ്രിൽ, 1986)

# 49. രാജ്യശത്രുക്കൾക്കു ചൂട്ടു പിടിച്ചവർ

രാജ്യശത്രുക്കൾക്കു സഹായം നൽകി എന്ന ഒററക്കാരണംകൊണ്ടു് ഇന്ത്യയുടെ ചരിത്രത്തിൽ ഏററവും കറുത്ത ലിപികളിൽ എന്നെന്നും പേരു രേഖപ്പെടുത്താൻ അർഹത നേടിയ ചില വ്യക്തികളുണ്ടു്. ഝലം നദീതീരത്തിൻെറ അധിപതിയായിരുന്ന പുരുവിനെതിരെ 'ഹൈഡാസ്പെസ്' എന്ന സ്ഥലത്തു നടന്നതായി ഗ്രീക്ക് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള യുദ്ധത്തിൽ മാസിഡോണിയയിലെ അലക്സാൻഡർ എന്ന ആക്രമണകാരിയെ സഹായിച്ച ആംഭിയിൽനിന്നു തുടങ്ങി, ദില്ലി രാജാവും തൻെറ ജാമാതാവുമായ പൃഥ്വീരാജനെ ആക്രമിക്കുവാൻ, അഫ്ഘാനിസ്ഥാനിൽനിന്നു് മുഹമ്മദ് ഘോറിയെ ക്ഷണിച്ചുവരുത്തിയ കനൗജിലെ ജയചന്ദ്രനിലൂടെ, ഈ രാജ്യദ്രോഹികളുടെ പട്ടിക നീണ്ടുനീണ്ടുപോകുന്നു.

കേരളത്തിലെ ഇന്നത്തെ മന്ത്രിസഭയിലെ ഏതാനും അംഗങ്ങളുടെ പേരു് ഈ കറുത്ത പട്ടികയിൽ ചരിത്രം എന്നെന്നേക്കുമായി രേഖപ്പെടുത്തുകയില്ലേ?

വസ്തുതകൾ സംസാരിക്കട്ടെ?

തമിഴ്നാട്ടിലെ മീനാക്ഷിപുരത്തും മററും നടന്നതും, സാമുദായിക ലഹളകളിലേക്കു നയിച്ചതുമായ മതപരിവർത്തനപ്രവർത്തനങ്ങളെ പണം നൽകിയും മററു വിധത്തിലും സഹായിച്ചതിനാണെന്നു പറയുന്നു, കുവെയ്ത്തിലെ രണ്ടു പൗരന്മാർ ഇന്ത്യയിൽ 'അനഭിലഷണീയർ' ആണെന്നു് 1985 ജൂലൈ മാസത്തിൽ ഇന്ത്യാഗവണ്മെൻറ് പ്രഖ്യാപിച്ചു. ('അനഭിലഷണീയർ' (അൺഡിസയറബ്ൾ) എന്ന നയതന്ത്രശൈലിക്കു് അർത്ഥം, സാധാരണ ഭാഷയിൽ 'ശത്രു' എന്നുതന്നെയാണു്.) കേന്ദ്രഗവണ്മെൻറിൻെറ അനുവാദം മുൻകൂട്ടി വാങ്ങാതെ ഈ രണ്ടുപേരെയും രാജ്യത്തിനകത്തു കടത്തരുതെന്നു് ഒരു സർക്കുലറിലൂടെ ഇന്ത്യാഗവണ്മെൻറ് സംസ്ഥാനഗവണ്മെൻറുകളെ അറിയിക്കുകയും ചെയ്തു.

ഈ രണ്ടു് രാജ്യശത്രുക്കളും 1986 ജനുവരിയിൽ ഒരു എയർ ഇന്ത്യ വിമാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങി. ഇന്ത്യയിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം ഇവർക്കു നിഷേധിക്കപ്പെട്ടതായി ഇവരുടെ പാസ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരുന്നു. (രേഖപ്പെടുത്തുന്നതു് 'വിസയ്ക്കു് അപേക്ഷിച്ചിട്ടുണ്ടു്' എന്നാണു്; പക്ഷേ, നയതന്ത്രഭാഷയിൽ ഇതിനർത്ഥം 'വിസ നിഷേധിച്ചിരിക്കുന്നു' എന്നാണെന്നു് എല്ലാവർക്കും അറിയാം.) ഇവരോടൊപ്പം വേറെ മൂന്നു് അറബികൾ കൂടി ഉണ്ടായിരുന്നു. അവരിൽ ഒരാൾ യുണൈറഡ് അറബ് എമിറേററ്സിൻെറ (യു. എ. ഇ.) പ്രസിഡണ്ടിൻെറ ഉപദേഷ്ടാവായിരുന്നു. ഇതിനർത്ഥം, ഈ അഞ്ചംഗ—അറബിസംഘം വളരെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു എന്നാണു്. 'ആരോ, ഏതോ' എന്നു് അവഗണിക്കപ്പെടാൻ സാദ്ധ്യതയുള്ള ഒന്നായിരുന്നില്ല എന്നാണു്.